C 30994 (Pages : 3) Name..................................

Reg. No..................................

# FIFTH SEMESTER B.A. DEGREE (SUPPLEMENTARY) EXAMINATION NOVEMBER 2017

(UG–CCSS)

## MA 5B 08—MALAYALA KAVITHA—NAVODHANA GHATTOM

(2011 Admissions)

Time : Three Hours Maximum : 30 Weightage

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് ¼ :

(A) ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'അച്ഛനും മകളും' എന്ന കൃതിയിലെ അച്ഛന്റെ പേരെന്ത് ?

2 ലീലയുടെ തോഴി ആരാണ് ?

3 'എങ്ങു പരദാരങ്ങളപഹൃതകൾ'—അപഹരിക്കപ്പെട്ട പരദാരം ആര് ?

4 കൊടുങ്ങല്ലൂർക്കളരിയിലെ ഒരു കവിയുടെ പേരെഴുതുക.

(B) ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം എടുത്തെഴുതുക :

5 'ശക്തിയുടെ കവി' എന്നറിയപ്പെടുന്നത് ആരാണ് ?

(പി. കുഞ്ഞിരാമൻ നായർ ; ഇടശ്ശേരി ഗോവിന്ദൻ നായർ ; വയലാർ രാമവർമ്മ)

6 പരമാത്മ-ജീവാത്മ ബന്ധം ആരോപിക്കപ്പെട്ടിരിക്കുന്ന കവിത ഏത് ?

(കളങ്കമറ്റ കൈ ; ഹനുമത്സേവ തുഞ്ചൻ പറമ്പിൽ ; സൂര്യകാന്തി)

7 "വിവിധ രീതിയിലൊറ്റ നിമിഷത്തിൽ
വിഷമമാണെനിക്കാടുവാൻ പാടുവാൻ !"

—ഏത് കവിതയിലെ വരികൾ ?

(മണിനാദം ; വിഷപ്പക്ഷിയോട് ; കാലവർഷം)

8 'യവനിക'യിലെ നായക കഥാപാത്രം ആര് ?

(പുണ്ഡരീകൻ ; രാജാവ് ; ശേഖരൻ)

(C) പൂരിപ്പിക്കുക :

9 കുണ്ടൂർ നാരായണമേനോൻ പച്ച മലയാളത്തിൽ എഴുതിയ കൃതിയാണ് ————————.

10 'കൃതികൾ മനുഷ്യ കഥാനുഗായികൾ' എന്നു പാടിയ കവിയാണ് ————————.

Turn over

11 ആധുനിക കവിത്രയത്തിൽ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട കവിതകൾ കൂടുതൽ എഴുതിയത് ______________ ആണ്.

12 എന്മകൻ പുഞ്ചിരിക്കൊണ്ടു പുലമ്പിനാൻ

'__________________'.

(12 × ¼ = 3 weightage)

II. **എല്ലാ** ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് 1 :

13 പുഴയൊഴുകും വഴിയും പഴകിയ തരുവല്ലിയും മാറ്റാം—മാറ്റാൻ കഴിയാത്തതെന്ത് ?

14 വിശ്വാമിത്രൻ ദുഷ്യന്തനെ ശപിച്ചാൽ തനിക്ക് എന്തു സംഭവിക്കുമെന്നാണ് ശകുന്തള അഭിപ്രായപ്പെടുന്നത് ?

15 വലത്തോട്ടൊഴിഞ്ഞു പറക്കുന്ന ചകോരം ഏത് ശകുനത്തെ സൂചിപ്പിക്കുന്നു ?

16 പൂങ്കോഴികളുടെ പുഷ്കല കണ്ഠനാദത്തിന് കവി നൽകുന്ന വിശേഷണമെന്ത് ?

17 'അതി വിചിത്രമീ നൃത്തശിക്ഷാക്രമം'—എന്തുകൊണ്ട് ?

18 ഭവാബ്ബി ഗോഷ് പദമായി തോന്നുന്നത് എപ്പോൾ ?

19 "അടിച്ചു കൊന്നിതാ പിതാമഹനെയും

കഴിച്ചു കൂട്ടുവാനിരിക്കയോ നമ്മൾ"

—വിവക്ഷിതമെന്ത് ?

20 നാട്യപ്രധാനം നഗരം ദരിദ്രം—വ്യക്തമാക്കുക.

21 ആഫ്രിക്കൻ കാടുകളിൽ കവി കാണുന്ന കാഴ്ചകൾ എന്തെല്ലാം ?

(9 × 1 = 9 weightage)

III. **അഞ്ച്** ചോദ്യങ്ങൾക്ക് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് 2 :

22 'യവനിക'യുടെ കഥാഗതിയിൽ 'മഞ്ജരി' വഹിക്കുന്ന പങ്കെന്ത് ?

23 ചമ്പകസുവാസിതമായ വിന്ധ്യാപ്രദേശത്തിരുന്നുകൊണ്ട് ലീല പാടിയ പാട്ടിന്റെ സാരാംശമെന്ത് ?

24 "ഇക്കരമൊന്നേ പോരും കാൽക്ഷണാൽ മനുഷ്യരെ

സ്വർഗ്ഗത്തിൽ കരേറ്റാനും നരകേ വീഴിപ്പാനും"

—സൂചിതമെന്ത് ?

25 "ആരു നീയനുജത്തീ നിർന്നിമേഷമായെന്നെൻ

തേരു പോകവേ നേരെ നോക്കി നില്ക്കുന്നൂ ദൂരെ" ?

—വ്യക്തമാക്കുക.

26 ഹനുമത്സേവ തുഞ്ചൻ പറമ്പിലാകുന്നതിന്റെ ഔചിത്യമെന്ത് ?

27 വിളക്ക് കൈവശമുള്ളവനും വെണ്മ മനസ്സിൽ വിളങ്ങുന്നവനും തമ്മിലുള്ള സാമ്യമെന്ത് ?

28 "കിടക്കുന്നൂ പൂഞ്ഞയുള്ള
വെള്ളക്കാള—ഹിമാലയം"
—മറ്റൊരു വിശേഷണമെന്ത് ?

(5 × 2 = 10 weightage)

IV. ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് രണ്ട് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. വെയിറ്റേജ് 4 വീതം :

29 ലീല-മാധവി സംവാദത്തിലെ ആശയങ്ങൾ സംഗ്രഹിച്ചെഴുതുക.

30 'യവനിക' ചങ്ങമ്പുഴയുടെ കവിസ്വത്വത്തിന്റെ ആവിഷ്കാരമാകുന്നതെങ്ങനെ ?

31 'ആഫ്രിക്ക' വിശേഷത്തിൽനിന്ന് സാമാന്യത്തിലേക്കുയരുന്ന കവിതയാണ്—സമർത്ഥിക്കുക.

(2 × 4 = 8 weightage)